## ടെണ്ടർ നൽകേണ്ടതിന്റെ വിശദാംശങ്ങൾ

ആരോഗ്യകേരളം തിരുവനന്തപുരം ജില്ലാ യൂണിറ്റിന് കീഴിൽ വരുന്ന എല്ലാ പ്രോഗ്രാമുകളുടേയും (എൻ.എച്ച്.എം/ സി.ഡി/ എൻ.സി.ഡി/ ആർ.സി.എച്ച്./ എൻ.യു.എച്ച്.എം/ പതിനഞ്ചാം ധനകാര്യ കമ്മീഷൻ) കോൺഫറൻസ്/ മീറ്റിംഗ്/ ട്രെയിനിംഗ് എന്നിവയ്ക്ക് 20 മുതൽ 200 വരെ പാക്സ് ആഹാരസാധനങ്ങൾ (രുചികരവും ആരോഗ്യകരവും, നിശ്ചിത അളവിലും) പ്രോഗ്രാം നടക്കുന്ന സ്ഥലങ്ങളിൽ എത്തിച്ച് വിതരണം ചെയ്യുന്നതിന് അംഗീകൃത കാറ്ററിംഗ്/ ഹോട്ടലുകൾ/ഇവന്റ്മാനേജ്മെന്റ് ഉടമകളിൽ നിന്നും മത്സരസ്വഭാവമുള്ള റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഒരു വർഷകാലയളവിലേക്ക് ടെണ്ടർ ക്ഷണിക്കുന്നു.

ആഹാരസാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഉള്ളടക്കം-1)

**ഉള്ളടക്കം-1**

**1. കോൺഫറൻസ്/ മീറ്റിംഗ് പാക്കേജ്**

**ഇാവിലെ ചായ/ കോഫി, സ്നാക്സ്, ഉച്ചയ്ക്ക് ഊണ്, വൈകിട്ട് ചായ/ കോഫി, സ്നാക്സ്,**

**രാവിലെ 10.30ന്/ വൈകിട്ട് 3.30ന്***

| Sl. No | Items | Nos. | Rate/ Pax |
|---|---|---|---|
| 1 | 1. ചായ/ കോഫി<br>2. സ്നാക്സ് (ഉഴുന്ന്വട/ പരിപ്പുവട/ പഴംപൊരി/ ഇലയട/ കൊഴക്കട്ട/ സമൂസ/ പഫ്സ് (1 വീതം) | 1 പാക്സ് | |

**ഉച്ചയ്ക്ക് 12.30 മണിക്ക്***

| Sl. No | Items | Nos. | Rate/ Pax |
|---|---|---|---|
| 1 | 1. ചോറ് (ചമ്പാവ്),<br>2. അവിയൽ/ തീയൽ/ കൂട്ടുകറി<br>3. തോരൻ/ മെഴുക്ക് പെരട്ടി<br>4. പച്ചടി/ കിച്ചടി<br>5. അച്ചാർ (ഇഞ്ചി/നാരങ്ങ/മാങ്ങ/നെല്ലിക്ക)<br>6. പപ്പടം<br>7. സാമ്പാർ & പുളിശ്ശേരി<br>8. കപ്പ<br>9. മീൻ കറി (കേര/വെള്ളച്ചൂര(40ഗ്രാമോ അതിനു മുകളിലോ))<br>10. പായസം/ ഐസ്ക്രീം (100 മില്ലി)<br>11. ചൂട് കുടിവെള്ളം/ പാക്കേജ്ഡ് ഡ്രിങ്കിഗ് വാട്ടർ | 1 പാക്സ് | |

**മറ്റ് സ്പെഷ്യൽ ഐറ്റംസ്***

| Sl. No | Items | Nos. | Rate/ Pax |
|---|---|---|---|
| 1 | ബ്രഡ് ഐറ്റംസ് (ചപ്പാത്തി, പൊറോട്ട, അപ്പം) | 1 No. | |
| 2 | ചിക്കൻ കറി (30 ഗ്രാമോ അതിനു മുകളിലോ 2 പീസ്) | 1 Plate | |
| 3 | വെജിറ്റബിൾ കുറുമ | 1 Plate | |
| 4 | ഗോപി മഞ്ചൂരിയാൻ | 1 Plate | |
| 5 | ഫിഷ് ഫ്രൈ (40 ഗ്രാമോ അതിനു മുകളിലോ (കേര/ വെള്ളച്ചൂര)) | 1 No. | |
| 6 | ചിക്കൻ ഫ്രൈ (ചെറുത് 20 ഗ്രാം (ഒരാൾക്ക് 3 പീസ്)) | 1 No. | |
| 7 | ചിക്കൻ ഫ്രൈ വലുത് (60 ഗ്രാം (ഒരാൾക്ക് 1 പീസ്) | 1 No. | |
| 8 | ചിക്കൻ ദം ബിരിയാണി (മീഡിയം സൈസ്2 പീസ്), സലാഡ്, അച്ചാർ, പപ്പടം, ഐസ്ക്രീം (100 മില്ലി) | 1 പാക്സ് | |
| 9 | വെജിറ്റബിൾ ബിരിയാണി, സലാഡ്, അച്ചാർ, പപ്പടം, ഐസ്ക്രീം (100 മില്ലി) | 1 പാക്സ് | |
| 10 | ഫ്രൈഡ് റൈസ്/ പുലാവ്, ചില്ലി ചിക്കൻ, സലാഡ്, അച്ചാർ, പപ്പടം, ഐസ്ക്രീം (100 മില്ലി) | 1 പാക്സ് | |
| 11 | ഫ്രൈഡ്റൈസ്/ പുലാവ്, ഗോപി മഞ്ചൂരിയാൻ, സലാഡ്, അച്ചാർ, പപ്പടം, | 1 പാക്സ് | |
| 12 | വെജിറ്റബിൾസലാഡ്/ ഗ്രീൻ സലാഡ് | 1 No. | |
| 13 | ഫ്രൂട്ട്സലാഡ്, ഐസ്ക്രീം | 1 set | |
| 14 | ഗുലാബ്ജാമുൻ, ഐസ്ക്രീം | 1 set. | |

**നോട്ട്***

മേൽപറയുന്ന എല്ലാ ആഹാരസാധനങ്ങളും വിതരണം ചെയ്യാൻ സാധിക്കുന്ന സ്ഥാപനങ്ങളുടെ ടെണ്ടർ മാത്രമേ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. അല്ലാത്ത പക്ഷം ടി ടെണ്ടറുകൾ നിരസിക്കുന്നതായിരിക്കും.

## നിബന്ധനകൾ

1. വിതരണം ചെയ്ത ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ ടി സ്ഥാപനം തന്നെ തിരികെ കൊണ്ടുപോകേണ്ടതും, ഭക്ഷണം വിതരണം ചെയ്ത സ്ഥലം വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്.

2. ഭക്ഷണം വിളമ്പുന്നതിന് കുറഞ്ഞത് 2 ജീവനക്കാരെ ഏർപ്പെടുത്തേണ്ടതാണ്.

3. ഭക്ഷണം എത്തിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കൃത്യമായ സമയക്രമം പാലിക്കേണ്ടതാണ്. (1. രാവിലെ 10.30-11.00ന് ഇടയിൽ, 2. ഉച്ചയ്ക്ക് 12.30-1.00ന് ഇടയിൽ), വൈകിട്ട് 3.00-3.30ന് ഇടയിൽ) അല്ലെങ്കിൽ പ്രോഗ്രാം കോർഡിനേറ്ററുടെ നിർദ്ദേശം അനുസരിച്ച്.

4. ഭക്ഷണം വിതരണം ചെയ്യുന്നതിന് വൃത്തിയുള്ള സിറാമിക് പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്സ് എന്നിവ ആളെണ്ണത്തിനനുസരിച്ച് നൽകേണ്ടതാണ്.

5. ഭക്ഷണം ആളെണ്ണത്തിനനുസരിച്ച് ആവശ്യാനുസരണം നൽകേണ്ടതാണ്.

6. സർക്കാർ അനുസൃതമായ നികുതികൾ ബില്ലിൽ നിന്നും കുറവ്ചെയ്യുന്നതായിരിക്കും.

7. ഭക്ഷണത്തിന്റെ ക്വാളിറ്റി, ക്വാണ്ടിറ്റി, വിതരണം എന്നിവയിലുണ്ടാകുന്ന കുറവുകളും/ പരാതികളും ഉടനടി പരിഹരിക്കാൻ സ്ഥാപനം ബാധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം കരാർ മറ്റൊരു മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതും ആയതിന്റെ സാമ്പത്തിക നഷ്ടം സ്ഥാപന ഉടമയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

8. ടെണ്ടർ ലഭിക്കുന്ന സ്ഥാപനം എൻ.എച്ച്.എമ്മുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

## ടെണ്ടറിനോടൊപ്പംസമർപ്പിക്കേണ്ട രേഖകൾ

1. ബിഡിൽ പങ്കെടുക്കുന്ന വ്യക്തിയുടെ പേരിൽ സർക്കാർ രജിസ്ട്രേഷനുള്ള കാറ്ററിംഗ്/ ഹോട്ടൽ/ഇവന്റ് മാനേജ്മെന്റ് സ്ഥാപനം ഉണ്ടായിരിക്കണം (രേഖകൾ ഹാജരാക്കേണ്ടതാണ്)

2. ഈ മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം (രേഖകൾ ഹാജരാക്കേണ്ടതാണ്)

3. ഭക്ഷണ നിർമ്മാണം/ വിതരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന ലൈസൻസ്/ ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് സർട്ടിഫിക്കറ്റ്/ലീഗൽ മെട്രോളജി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

4. കിച്ചണിൽ ജോലി ചെയ്യുന്നവർ/ ഭക്ഷണം വിളമ്പുന്നവർ തുടങ്ങിയവരുടെ ഹെൽത്ത്കാർഡിന്റെ പകർപ്പ് നിർബന്ധമായും അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

*5. സ്ഥാപനത്തിന്റെ ജി.എസ്.റ്റി. പാൻകാർഡ് എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.*

6. GO(P) No. 3/2021/SPD. Dated. 22.03.2021 ഉത്തരവ് പ്രകാരം എം.എസ്.എം.ഇ രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് ഇളവ് അനുവദനീയമാണ്. (രേഖകൾ ഹാജരാക്കേണ്ടതാണ്)

*കൂടുതൽ വിവരങ്ങൾക്ക് 0471 2321288, 9946102584* എന്ന നമ്പരിലോ https://nhmtvm.com/ എന്ന വെബ്സൈറ്റിലോ *ബന്ധപ്പെടേണ്ടതാണ്.*

ജില്ലാ പ്രോഗ്രാം മാനേജർ
ആരോഗ്യകേരളം, തിരുവനന്തപുരം
District Programme Manager
ArogyaKeralam
Thiruvananthapuram Dist.

ജില്ലാ പ്രോഗ്രാം മാനേജർ
നാഷണൽ ഹെൽത്ത് മിഷൻ
തിരുവനന്തപുരം